"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 21-01-2021

**സർക്കുലർ നം 8/2021**

**വിഷയം: ജയിൽ വകുപ്പിൽ പുതിയ ഓൺലൈൻ റിക്കൺസിലേഷൻ സിസ്റ്റം നടപ്പിലാക്കുന്നത് - സംബന്ധിച്ച്.**

റിക്കൺസിലേഷൻ സർട്ടിഫിക്കറ്റ് ഡിജിറ്റൽ ആയി എ.ജി യ്ക്ക് സമർപ്പിക്കുന്നതിലേയ്ക്കായി കേരള സർക്കാർ പുതിയൊരു ഓൺലൈൻ മോഡ്യൂൾ 05.08.2020 തീയതിയിലെ G.O (P) No. 104/2020/Fin ഉത്തരവ് പ്രകാരം നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. ആയത് പ്രകാരം എല്ലാ ഡി.ഡി.ഒ.മാരും https://ksemp.agker.cag.gov.in/Login എന്ന വെബ് സൈറ്റിൽ ചുവടെ പരാമർശിക്കുന്ന രീതിയിൽ അക്കൗണ്ട് തുടങ്ങേണ്ടതാണ്.

1. https://ksemp.agker.cag.gov.in/Login എന്ന സൈറ്റിൽ പ്രവേശിച്ച ശേഷം "Create/Forget Password" ൽ ക്ലിക്ക് ചെയ്യുക.
2. ഡി.ഡി.ഒ. നമ്പർ, ഡി.ഡി.ഒ.യുടെ **സ്പാർക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന** ഇമെയിൽ വിലാസം, ഫോൺ നമ്പർ എന്നിവ എന്റർ ചെയ്യുക.
3. ബോക്സിൽ കാണുന്ന Captcha എന്റർ ചെയ്ത ശേഷം "Submit" ക്ലിക്ക് ചെയ്യുക.
4. തുടർന്ന്, ഡി.ഡി.ഒ.യുടെ ഇമെയിൽ/ഫോൺ നമ്പറിൽ പാസ്സ്‌വേർഡ് ലഭ്യമാകുന്നതാണ്.

അക്കൌണ്ട് തുടങ്ങിയ ശേഷം ഡി.ഡി.ഒ. നമ്പർ, പാസ്സ്‌വേർഡ് എന്നിവ എന്റർ ചെയ്ത് അക്കൌണ്ടിൽ ലോഗിൻ ചെയ്തശേഷം VLC മെനു ക്ലിക്ക് ചെയ്യുമ്പോൾ VLC Reconciliation screen കാണാവുന്നതാണ്. VLC Reconciliation screenൽ മൂന്ന് സബ് മെനുകൾ, യഥാക്രമം Pending List, Approved List, Rejected List എന്നിങ്ങനെ കാണാൻ സാധിക്കും. അതാത് സബ് മെനുവിൽ "view" ക്ലിക്ക് ചെയ്യുമ്പോൾ മാസം തോറുമുള്ള റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് കാണാവുന്നതാണ്. റിക്കൺസിലേഷൻ ചെയ്യാനുള്ള മാസങ്ങളിലെ സ്റ്റേറ്റ്മെന്റ് Pending List ൽ കാണാൻ സാധിക്കുന്നതാണ്. മാസം തോറും തയ്യാറാക്കുന്ന DORE സ്റ്റേറ്റ്മെന്റുമായി ടി റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് ഒത്തുനോക്കിയശേഷം അപാകതകൾ ഇല്ലെങ്കിൽ ഡി.ഡി.ഒ.മാർക്ക് "Accept" മെനു ടിക്ക് ചെയ്ത് അംഗീകരിക്കാവുന്നതാണ്. അഥവാ അപാകതകളുണ്ടെങ്കിൽ "Reject" മെനു ടിക്ക് ചെയ്ത്, റിജക്റ്റ് ചെയ്യാനുള്ള കാരണം വിശദീകരിച്ച ശേഷം "Submit" ചെയ്യേണ്ടതാണ്. ടി റിജക്ഷൻ റിപ്പോർട്ടിൽ ഡി.ഡി.ഒ. യുടെ തസ്തിക, ഒഫീഷ്യൽ അഡ്രസ്സ്, ഫോൺ നമ്പർ, ഇമെയിൽ വിലാസം എന്നിവ നിർബന്ധമായും നൽകേണ്ടതാണ്.

ഡി.ഡി.ഒ തലത്തിലുള്ള റിക്കൺസിലേഷൻ നടത്തിയാൽ മാത്രമേ ആസ്ഥാനകാര്യാലയത്തിൽ നിന്നും റിക്കൺസിലേഷൻ സർട്ടിഫിക്കറ്റ് ഡിജിറ്റൽ ആയി അക്കൌണ്ടന്റ് ജനറലിനു സമർപ്പിക്കാൻ സാധിക്കു എന്നതിനാൽ, എല്ലാ ജയിൽ സ്ഥാപനങ്ങളും 2020 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ റിക്കൺസിലേഷൻ മേൽപ്പറഞ്ഞ രീതിയിൽ നിർവഹിച്ച ശേഷം 5 ദിവസത്തിനകം ആസ്ഥാനകാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യാൻ നിർദേശിക്കുന്നു.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

A3-849/2021/PrHQ

9c7241